സംസ്ഥാന വൈദ്യുതി ബോർഡുകളുടെ പരിഷ്ക്കരണ നടപടികളെപ്പറ്റി പഠനം

108 (1647) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡുകളുടെ പരിഷ്ക്കരണ നടപടികളെപ്പറ്റി കേന്ദ്ര വൈദ്യുതി മന്ത്രാലയങ്ങളും പവ്വർ ഫൈനാൻസ് കോർപ്പറേഷനും ചേർന്ന് പഠനം നടത്തിയിരുന്നുവോ ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) ഈ പഠനത്തിൽ സംസ്ഥാന വൈദ്യുതി ബോർഡിന്റെ സ്ഥാനം എത്രാമതായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഠനം നടത്തിയിട്ടുണ്ട്.

(ബി) വൈദ്യുത ബോർഡുകളെ സംബന്ധിക്കുന്ന ബാഹ്യഘടകങ്ങളെയും ആന്തരിക ഘടകങ്ങളെയും ആശ്രയിച്ചാണ് പഠനം നടത്തിയത്.

ബാഹ്യഘടകങ്ങൾ

1. സംസ്ഥാന സർക്കാരുകളെ സംബന്ധിക്കുന്ന ഘടകങ്ങൾ - അതായത് ഊർജ്ജ മേഖലയിലെ പരിഷ്ക്കരണം, വൈദ്യുതി മോഷണത്തിന് എതിരെയുള്ള നിയമനിർമ്മാണം, ബോർഡുകൾക്കുള്ള സബ്സിഡി എന്നിവ.
2. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ - അതായത് താരിഫ് നിർണ്ണയം സംബന്ധിച്ചുള്ള കാര്യങ്ങൾ.

ആന്തരികഘടകങ്ങൾ

ഉൽപ്പാദന, പ്രസരണ, വിതരണ മേഖലയിലെയും സാമ്പത്തിക രംഗത്തേയും ബോർഡിന്റെ കാര്യക്ഷമത.

(സി) പതിനഞ്ചാമത്തെ സ്ഥാനം, (ബാഹ്യഘടകങ്ങളിൽ 1-നും 2-നും 20 മാർക്കു വീതമുള്ളതിൽ 2 മാർക്ക് മാത്രമേ കിട്ടിയുള്ളു. ഇത് ബോർഡിന്റെ കുറ്റം കൊണ്ടല്ല.)

LIBRARY ARCHIVES Kerala Legislative Assembly